## പ്രസാധകക്കുറിപ്പ്

# സുകൃതംസ്മര

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

**ബേ***സ്റൗമ* പ്രകാശനധാരയിലെ രണ്ടാമത്തെ പുസ്തകമായിരുന്നു *സുകൃതംസ്മര.* സുമനസ്സുകളായ പതിനാിലു പണ്ഡിതശ്രേഷ്ഠർ പല പ്പോഴായി ചാവറപിതാവിനെക്കുറിച്ചു നടത്തിയിട്ടുള്ള നിരീക്ഷണങ്ങ ളുടെ ഒരു സമാഹാരമായിരുന്നു അത്. സമാരാധ്യയായ ഡോ. ലീലാ വതിയുടെ ഒരു ലേഖന ശീർഷകത്തിൽ നിന്നുമാണ് *സുകൃതംസ്മര* എന്ന പേര് സ്വീകരിച്ചത്. ആ ഗ്രന്ഥത്തിനു വളരെ നല്ല സ്വീകരണ മാണ് പൊതുവെ ലഭിച്ചത്.

വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ കർമ്മ വിഭാവനത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ടുകൊണ്ട് ഉയിരെടുത്ത *ദീപിക* പത്രത്തിന്റെ ആദരണീയനായ ചീഫ് എഡിറ്റർ അലക്സാണ്ടർ പൈകടയച്ചൻ പല പ്പോഴായി *ദീപിക*യിൽ പ്രസിദ്ധപ്പെടുത്തിയ ചാവറ സംസ്കൃതിയെ ക്കുറിച്ചുള്ള ലേഖനങ്ങൾ സമാഹരിച്ചു ഒരു പുസ്തകം പ്രസിദ്ധപ്പെ ടുത്തുന്നതു നന്നായിരിക്കും എന്നു സന്ദർഭവശാൽ നിർദ്ദേശിച്ചു. അദ്ദേഹം തന്നെ മുൻകൈയ്യെടുത്തു ലേഖനങ്ങൾ ഏകോപിപ്പിച്ചു തന്നു. സമാനങ്ങളായ കുറച്ചു ലേഖനങ്ങൾ കൂടി അക്കൂട്ടത്തിൽ ചേർത്തപ്പോൾ ഇരുപതു ലേഖനങ്ങളുടെ ഈ സമാഹാരമായി. ഇവ യുടെ എഡിറ്റിംഗ് *ബേസ്റൗമ*യുടെ ക്ഷണപ്രകാരം അദ്ദേഹം സദയം നിർവ്വഹിച്ചു തന്നു. അദ്ദേഹത്തിനു പ്രത്യേകം നന്ദി.

*കാലം നമിക്കുന്ന കർമ്മയോഗി* എന്ന ശീർഷകം ബഹുമാനപ്പെട്ട പ്രിയോർ ജനറൽ *ജോസ് പന്തപ്ലാംതൊട്ടിയി*ലച്ചൻ *ദീപിക* പത്രാധി പരായിരുന്നപ്പോൾ എഴുതിയ ഒരു ലേഖനത്തിൽ നിന്നും കടം വാങ്ങി യതാണ്. ആ ലേഖനവും ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിരി ക്കുന്നു. *സുകൃതംസ്മര* ഇതോടെ ഒരു ഗ്രന്ഥ പരമ്പരയാവുകയാണ്. ഇതതിലെ രണ്ടാം ഭാഗമാണ്. തുടർഭാഗങ്ങൾ കാലം കരുതിവ യ്ക്കുന്നു എന്നു തന്നെയാണ് വിശ്വാസവും.

വളരെ വിശാലമായ ചരിത്രപശ്ചാത്തലത്തിൽ സമഗ്രമായി പഠി ക്കപ്പെടേണ്ട ഒരു വ്യക്തിത്വമാണ് ചാവറപിതാവിന്റേത്. വിശദമായ

പഠനങ്ങൾക്കു പ്രേരണയാകാവുന്ന പ്രവേശന സൂചനകളാണ് *സുകൃതംസ്മര*യിലെ കുറിപ്പുകൾ.

വിസ്മയമുണർത്തുന്ന വിധം വൈവിധ്യമാർന്ന മേഖലകളിൽ സ്മര്യപുരുഷൻ നിവർത്തിച്ച സേവനശുശ്രൂഷയുടെ ചരിത്രം യഥാർത്ഥത്തിൽ പത്തൊൻപതാം നൂറ്റാണ്ടിലെ കേരള സംസ്ക്കാരത്തിന്റെ ഭൂമികയിൽ നിന്നുകൊണ്ടു പിന്നാമ്പുറങ്ങളെക്കുറിച്ചുള്ള തിരിച്ചറിവും ഇരുപതാം നൂറ്റാണ്ടും താണ്ടി ഇന്നിൽ വന്നുനിൽക്കുന്ന നമ്മുടെ സംസ്കൃതിയുടെ അടിസ്ഥാനസ്രോതസ്സിനെക്കുറിച്ചുള്ള ഉൾക്കാഴ്ചയും പകർന്നുതരുന്ന പ്രസരണപ്രാപ്തിയുടെ കഥ കൂടിയാണ്. ഈ നാടും നാടിന്റെ സംസ്കൃതിയും നാളെകളിൽ നടന്നെത്തിപ്പെടുവാനിരിക്കുന്ന വഴിയിടങ്ങൾക്കായി ഇന്നിനെ ഒരുക്കുവാൻ ഈ പശ്ചാത്തല പരിവൃത്തം ഊർജ്ജം നൽകുന്നു. ചാവറപിതാവിനെ അറിയുക നമ്മുടെ സമൂഹത്തെ അറിയുക എന്നതിനു സമമാണെന്ന് ലോകം സാക്ഷ്യപ്പെടുത്തുന്ന നാളുകൾ ഏറെ വിദൂരമല്ലാത്തതു കൊണ്ട് ഈ നിരീക്ഷണങ്ങൾക്കു പ്രത്യേക പ്രസക്തിയുണ്ടെന്നു ഞങ്ങൾ കരുതുന്നു. ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരീക്ഷണങ്ങൾക്കായി തങ്ങളുടെ മനസ്സും ചിന്തയും ചാവറ സംസ്കൃതിയുടെ നേർക്കു തുറന്നുപിടിച്ച ഗുരുസ്ഥാനീയരും സഹോദരസ്ഥാനീയരുമായ ലേഖകർക്കും പ്രൗഢമായ ഒരവതാരികകൊണ്ട് ഈ സമാഹാരത്തെ അനുഗ്രഹിച്ച ചരിത്ര വിശാരദനും പണ്ഡിതശ്രേഷ്ഠനുമായ *ഡോ. എം.ജി.എസ്സ്. നാരായണ*നും *ബേസ്റൗമ*യുടെ പ്രണാമം.

എന്നും അനുഗ്രഹ പിൻബലമായി വർത്തിക്കുന്ന സി.എം.ഐ. സഭയുടെ പ്രയാർ ജനറാൾ *ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ*, വികാർ ജനറാൾ *റവ. ഡോ. ജോർജ്ജ് താഞ്ചൻ*, സി.എം.സി. സഭയുടെ സുപ്പീരിയർ ജനറാൾ *സിസ്റ്റർ സാങ്റ്റ*, ജനറൽ കൗൺസിലർ *സിസ്റ്റർ ലെയോനില*, സംശോധന നിർവ്വഹിച്ച *ജോൺ പോൾ*, ഏകോപനം നിർവ്വഹിച്ച എറണാകുളം ചാവറ കൾച്ചറൽ സെന്ററിന്റെ ഊർജ്ജസ്വലനായ ഡയറക്ടർ *ഫാ. റോബി കണ്ണഞ്ചിറ*, അസിസ്റ്റന്റ് ഡയറക്ടർ *ഫാ. ജോസ് പാനാമ്പുഴ*, മാനേജർ *ജോളി പവേലിൽ*, മുഖചിത്രരചന നിർവ്വഹിച്ച *ഗായത്രി അശോക്*, പ്രീ പ്രിന്റ് ലേഔട്ട് നിർവ്വഹിച്ച *അനൂപ് ആന്റണി*, മുദ്രണം ഭംഗിയായി നിർവ്വഹിച്ച *അനശ്വര പ്രിന്റേഴ്സ്* എന്നിവരോടുള്ള നന്ദിയും ഇവിടെ രേഖപ്പെടുത്തട്ടെ.

ആഹ്ലാദപൂർവ്വം, അഭിമാനപൂർവ്വം *സുകൃതംസ്മര* രണ്ടാം ഭാഗം *കാലം നമിക്കുന്ന കർമ്മയോഗി* വായനാസമൂഹത്തിനു മുൻപിൽ സമർപ്പിക്കുന്നു.

■